MONDAY 28-03-2022 തിങ്കളാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-28/03/2022.

1. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

2. അതിയന്നൂർ ബ്ലോക്ക് ക്ഷീരകർഷക സംഗമം ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ ഉച്ചക്കട റ്റിജെഎം പാരിഷ്ഹാളിൽ വച്ച് ഈ മാസം 30-ന് (മാർച്ച് 30) നടത്തുന്നു. ഇതിനോടനുബന്ധിച്ച് ഫാർമേഴ്സ് ഇൻഫർമേഷൻ കം ഫെസിലിറ്റേൻ സെന്റർ, സോളാർ പാനൽ എന്നിവയുടെ ഉദ്ഘാടനം, കന്നുകാലി പ്രദർശനം, എക്സിബിഷൻ, സെമിനാർ, ക്ഷീരകർഷകരെ ആദരിക്കൽ, തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 ഡബ്ല്യു സി റ്റി (WCT) തെങ്ങിൻ തൈകൾ തൈ ഒന്നിന് 110 രൂപ നിരക്കിൽ വിൽപനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540, 2371340** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരും കാർഷിക മേഖലകളിൽ യോഗ്യതയും ഉള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ പ്രോജക്ട് കൺസൽട്ടന്റ്മാരെ എംപാനൽമെന്റ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **ഏപ്രിൽ** 8 ആണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343/2471344** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

## കാർഷിക നിർദ്ദേശങ്ങൾ

5. ചെടികളിൽ കാണുന്ന വെളുത്ത പഞ്ഞിപോലുള്ള **മീലിമുട്ടയെയും** പരന്ന ആകൃതിയിലുള്ള **ശൽക്കകീടങ്ങളേയും** നിയന്ത്രിക്കാനായി 5 ഗ്രാം ബാർസോപ്പ് ചെറുതായി അരിഞ്ഞ് ചൂടു വെള്ളത്തിൽ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ലയിപ്പിച്ച് ചെടികളിൽ തളിച്ചു കൊടുത്തതിന് ശേഷം ഒരു മണിക്കൂർ കഴിഞ്ഞ് **ലക്കാനിസീലിയം ലക്കാനി** എന്ന കുമിൾ പൊടി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. ഇവ വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. മീലിമുട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ തളിച്ചു കൊടുക്കണം. ഇതു വൈകുന്നേരങ്ങളിൽ തളിക്കുന്നതാണ് ഉത്തമം. പപ്പായ മീലിമുട്ടക്കെതിരെ **അസിരോഫാഗസ് പപ്പായ** എന്ന എതിർ പ്രാണികളെ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. ഇവയെ ലഭിക്കുന്നതിന് വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ യൂണിറ്റുമായോ, മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററുമായോ **0487 – 2438303, 0487 – 2370773** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

6. പ്രതിരോധശേഷി കുറയാൻ സാധ്യതയുള്ളതിനാൽ വേനൽക്കാലം തുടങ്ങുന്നതിനു മുമ്പേ കന്നുകാലികൾക്ക് പകർച്ചവ്യാധികൾക്കുള്ള പ്രതിരോധ കുത്തിവെയ്പുകളും വിരമരുന്നുകളും വിദഗ്ദ്ധോപദേശ പ്രകാരം നൽകേണ്ടതാണ്. പ്രതിരോധ കുത്തിവെയ്പുകൾ ആവുന്നത്ര രാവിലെയോ, വൈകുന്നേരങ്ങളിലോ നൽകുവാൻ ശ്രമിക്കുക. പനിയുണ്ടെങ്കിൽ തൊഴുത്തിലോ തണലുള്ളിടത്തോ പനി മാറുന്നതുവരെ വിശ്രമിക്കുവാനുള്ള സൗകര്യം നൽകണം. തൊലിപ്പുറമേയുള്ള പരാദങ്ങൾക്കെതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, തീറ്റയെടുക്കുന്നതിനുള്ള മടി, മൂത്രത്തിലെ തവിട്ട് നിറം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ സേവനം തേടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം